# ജനങ്ങളുടെ ആശങ്കകൾക്ക് വിലയില്ലാത്ത ഗെയിൽ

**മ**ലബാർ മേഖലയിൽ വലിയ തോതിലുള്ള എതിർപ്പ് ജനങ്ങളുടെ ഭാഗത്ത് നിന്നും ഉയരുന്ന ഒരു വികസന പദ്ധതിയാണ് ഗെയിൽ പൈപ്പ് ലൈൻ പ്രോജക്ട്. കൊച്ചി എൽ.എൻ.ജി ടെർമിനൽ പ്ലാന്റിൽ നിന്നും കർണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളിലെ പെട്രോളിയം സംസ്കരണ കേന്ദ്രങ്ങളിലേക്ക് ഭൂഗർഭ പൈപ്പുകൾ വഴി പ്രകൃതി വാതകം കൊണ്ടുപോകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. ഭൂഗർഭ പൈപ്പുകൾ ഇടുന്നതിന് സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ടാണ് പദ്ധതിക്കെതിരെ പ്രതിഷേധം ഉയരുന്നത്. പൈപ്പ് കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാതെയും ഭൂവുടമയ്ക്ക് മാന്യമായ നഷ്ടപരിഹാരം നൽകാതെയുമാണ് സർക്കാരും ഗെയിലും പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയും കേരള വ്യവസായ വികസന കോർപ്പറേഷനും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ചർച്ചകൾ 1996 ൽ തന്നെ ആരംഭിച്ചിരുന്നുവെങ്കിലും കേരള വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള വ്യവസായ വികസന കോർപ്പറേഷനും കേന്ദ്ര പെട്രോളിയം മന്ത്രാലയവും 2007 ലാണ് ഗെയിൽ പൈപ്പ്ലൈൻ പദ്ധതിയിൽ ഒപ്പിടുന്നത്. രാജസ്ഥാൻ പോലുള്ള ജനസാന്ദ്രത കുറഞ്ഞ സ്ഥലങ്ങളിൽ ഉപയോഗിക്കാനായി 1962 ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ (അക്വിസിഷൻ ഓഫ് യൂസ് ഇൻലാൻഡ്) എന്ന നിയമം തന്നെയാണ് ഈ പദ്ധതിക്കു വേണ്ടിയും ഉപയോഗിക്കുന്നത്. 3700 കോടി രൂപയാണ് പ്രഥമഘട്ട ചിലവായി കണക്കാക്കുന്നത്. 500 കിലോമീറ്റർ നീളത്തിൽ (ആകെ 1114 കിലോമീറ്റർ) 24 ഇഞ്ച് വ്യാസമുള്ള പൈപ്പുകൾ ഒന്നര മീറ്റർ ആഴത്തിൽ 20 മീറ്റർ വീതിയിലാണ് ഭൂമി ഏറ്റെടുക്കുന്നത്. കേരളത്തിൽ 4562 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് പ്രാഥമിക നിഗമനം. നിലവിലെ സർവ്വെ പ്രകാരം 693 കിലോമീറ്റർ കൃഷി ഭൂമി ഉൾപ്പെടുന്ന പുരയിടവും 119 കിലോമീറ്റർ ജനവാസകേന്ദ്രത്തോട് ചേർന്ന പുറംപോക്ക് ഭൂമിയും 71 കിലോമീറ്റർ കെട്ടിടഭൂമിയും 23 കിലോമീറ്റർ വെള്ളക്കെട്ടുകളും 87 കിലോമീറ്റർ നിബിഡവനവും 5 കിലോമീറ്റർ നഗരഭൂമിയും 24 ജംഗ്ഷനുകൾക്കായി 50 സെന്റ് മുതൽ ഒന്നര ഏക്കർ വരെ ഭൂമിയുമാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. മറ്റ് ഭൂമി ഏറ്റെടുക്കലിൽ നിന്നു വ്യത്യസ്തമായി പദ്ധതി കടന്നുപോകുന്ന ഭൂമിയുടെ കൈവശാവകാശം ഭൂഉടമയ്ക്കും ഉപയോഗാവകാശം ഗെയിലിനുമായിരിക്കും. ഭൂമിയുടെ ആധാരവിലയുടെ 10 ശതമാനം മാത്രമാണ് നഷ്ടപരിഹാരം. ഇത് മാർക്കറ്റ് വിലയുടെ ഒരു ശതമാനം പോലും വരില്ല. പ്രസ്തുത ഭൂമിയിൽ മരം നടാനോ കിണർ കുഴിക്കാനോ സെപ്റ്റിക് ടാങ്ക് പണിയാനോ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനോ പാടില്ല. ആഴത്തിൽ വേരുകളൂന്നുന്ന വിളകൾ കൃഷി ചെയ്യാനും പാടില്ല. കൂടാതെ സ്ഫോടന വസ്തുക്കൾക്ക് നിഷ്കർഷിച്ചിരിക്കുന്ന സുരക്ഷാപരിധിയായ 45 കിലോമീറ്റർ അകലം എന്നത് ഈ പദ്ധതിയ്ക്ക് ബാധകമാകുന്നുമില്ല. പദ്ധതിയുടെ നടപ്പിലാക്കലിലെ അശാസ്ത്രീയതയും സുതാര്യമില്ലായ്മയുമാണ് പദ്ധിക്കെതിരെ പ്രതിഷേധങ്ങളുയരാൻ കാരണം. സ്ഥലം ഉടമകളുടെ സമ്മതമില്ലാതെ സർവെ നടത്തി ഭൂമി പിടിച്ചെടുക്കുന്നതിനെതിരെയും വ്യാപകമായ പ്രതിഷേധങ്ങൾ ഉയരുന്നുണ്ട്. സ്വകാര്യ മുതലാളിമാർക്ക് ലാഭമുണ്ടാക്കുന്നതിനു വേണ്ടി അഞ്ചു സെന്റും പത്തുസെന്റും ഭൂമിയുള്ളവർ കിടപ്പാടം നഷ്ടപ്പെടുത്തി ഒഴിഞ്ഞുപോകണമെന്നാണ് സർക്കാർ പറയുന്നത്. അപകടമുണ്ടാവുമെന്ന് കരുതി വികസനം ഉപേക്ഷിക്കാനാവില്ലെന്നും സർക്കാർ പറയുന്നു. ജനവാസകേന്ദ്രങ്ങളിലൂടെ സ്ഫോടക വസ്തുക്കൾ കൊണ്ടുപോകാൻ പാടില്ലെന്ന നിയമത്തെ സർക്കാർ തന്നെ പരസ്യമായി ലംഘിക്കുന്നു. ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ പദ്ധതിക്കനുകൂലമാണ്. പോലീസ് സേനയെ ഉപയോഗിച്ച് ബലപ്രയോഗത്തിലൂടെ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി പല പ്രദേശങ്ങളിലും ലാത്തിച്ചാർജ്ജും അന്യായമായ അറസ്റ്റും തുടരുകയാണ്.

**(തയ്യാറാക്കിയത്: വിഷ്ണു ആർ.)**

# ഏകവിളത്തോട്ടങ്ങൾ എന്ന വിനാശ മാതൃക

**കേ**രളത്തെ സംബന്ധിച്ച് പാരിസ്ഥിതികവും സാമൂഹികവുമായി ഏറെ പ്രത്യാഘാതങ്ങളുണ്ടാക്കിയ ഒരു ലാഭകേന്ദ്രീകൃത വികസന സങ്കൽപ്പമാണ് ഏകവിളത്തോട്ടങ്ങൾ. സുഗന്ധദ്രവ്യങ്ങൾക്ക് ആവശ്യക്കാർ വർദ്ധിച്ചതോടെയാണ് വനത്തിനുള്ളിൽ വളർന്നിരുന്ന കുരുമുളക്, ഏലം തുടങ്ങിയ വിളകൾ 'തോട്ടവിളകളായി' കേരളത്തിൽ കൃഷിചെയ്തു തുടങ്ങുന്നത്. യൂറോപ്യൻ അധിനിവേശത്തിന്റെ വളർച്ച സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരത്തെ സർക്കാർ കുത്തകയായി പ്രഖ്യാപിക്കാൻ കാരണമായി. 1823 ൽ തിരുവിതാംകൂറിൽ ഒരു 'ഏലം വകുപ്പ്' ആരംഭിച്ചത് തോട്ടവിള കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ ഇടയാക്കി. വനങ്ങൾ സാമ്പത്തികമായി 'ലാഭമല്ല' എന്നു വിലയിരുത്തി കയറ്റുമതിക്കായുള്ള തോട്ടവിളകളെ പ്രോത്സാഹിപ്പിക്കുകയും, തങ്ങളുടെ രാജ്യത്തെ ആധുനികമാക്കാനായി ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തുകൊണ്ട് അന്നത്തെ രാജാക്കന്മാർ കേരളത്തിലെ കാടും മണ്ണും പരിവർത്തിപ്പിച്ചു. തുടർന്ന് തേയില, കാപ്പി, റബ്ബർ, പരുത്തി, കശുമാവ് തുടങ്ങിയ വിളകൾക്കായി ഏക്കറുകണക്കിന് ഭൂമി തോട്ടങ്ങളായി മാറി. വയനാട്ടിലെ പെരിന്തോടിയിൽ 1841 ൽ പാരി ആന്റ് കമ്പനി 'വയനാട് കോഫി പ്ലാന്റേഷൻ' ആരംഭിക്കുന്നതോടെയാണ് സംഘടിത കോർപ്പറേറ്റ് മൂലധനം കേരളത്തിലേക്ക് കടന്നുവരുന്നത്. അധിനിവേശ വ്യാപനത്തിന്റെ തെളിവായി അക്വേഷ്യ, ഗ്രാന്റിസ്, യൂക്കാലി, തേക്ക് എന്നീ തോട്ടങ്ങൾക്കായി വലിയൊരളവ് ഭൂമി പരിവർത്തനം ചെയ്തു. വനഭൂമിയാണ് പ്രധാനമായും വെട്ടിത്തെളിക്കപ്പെട്ടത്. ഔദ്യോഗികമായി കിട്ടുന്ന ഭൂമി കൂടാതെ നിയമവിരുദ്ധമായും കയ്യേറ്റങ്ങളിലൂടെയും വനം വെട്ടിത്തെളിച്ച് കൂടുതൽ കൂടുതൽ ഭൂമി തോട്ടമുടമ